# കൊയ്നൊനിയ

സെപ്റ്റംബർ 2017

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ


Private circulation only I Book No. 2


# സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ ആഘോഷിച്ചു





ചെറുവെട്ടുകാട് ഇടവകയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപിത തിരുനാളിനു ആഗസ്റ്റ് 13 നു കൊടിയേറി. തുടർന്ന് മേരിഗിരി സെമിനാരി അസിസ്റ്റന്റ് റെക്റ്റർ ഫാ.ഷൈജൻ ആന്റണിയുടെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും, ഫാ.ഡിജോ വചന സന്ദേശം നൽകുകയും ചെയ്തു. 14 നു വൈകുന്നേരം 6 നു ജപമാല, ലിറ്റിനി തുടർന്ന് ഫാ.ജോസഫ് പെരേരയുടെ മുഖ്യകാർമ്മികത്വത്തിൽ ഫെറോന വികാരി ഫാ.സൈറസ് കളത്തിൽ വചനസന്ദേശം നൽകികൊണ്ട് സന്ധ്യാവന്ദന പ്ര ാർത്ഥനയും തുടർന്ന് പ്രദക്ഷിണവും നടന്നു.15 ന്രാവിലെ 8.15 നുള്ള ആഘോഷമായ തിരുന്നാൾ ദിവ്യബലിയോടെ തിരുന്നാൾ സമാപിച്ചു



ഇടവകയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന “കൊയ്നൊനിയ” എന്ന പ്രതിമാസ വാർത്ത ബുള്ളറ്റിന്റെ പ്രകാശന കർമ്മം

## *എഡിറ്റോറിയൽ*
*ഫാ. ജോസ് ദിലീപ് കപ്പൂച്ചിൻ*

ഒരു മനുഷ്യൻ തന്റെ മകന് ഒരു കത്തെഴുതി അയയ്ക്കാനായി സുഹൃത്തിന്റെ അടുത്തു വന്നു " എനിക്ക് കത്തെഴുതുവാൻ പറ്റില്ല എന്റെ കാലിനു വേദനയാണ്" സുഹൃത്തു പറഞ്ഞു . " അതിനു താങ്കൾ കത്തെഴുതുന്നത് കാലുകൊണ്ടല്ലല്ലോ " " എന്റെ കൈയക്ഷരം എനിക്കുപോലും വായിക്കാൻ ബുദ്ധിമുട്ടാണ് , അതുകൊണ്ടു നിങ്ങളുടെ മകന് കത്തെഴുതി അയച്ചാൽ ഞാൻതന്നെ അത് വായിച്ചു കൊടുക്കാൻ പോകേണ്ടിവരും ,എന്റെ കാൽ വേദനയായതുകൊണ്ടു എനിക്ക് പോകാൻ പറ്റില്ല . മനുഷ്യർക്ക് പൊതുവിൽ ഇഷ്ടമല്ലാത്ത ഒരു കാര്യമാണ് സഹനം ഉള്ളില്നിന്നു വരുന്നതും , മറ്റുള്ളവരിൽ നിന്ന് വരുന്നതും , പ്രകൃതിയിൽ നിന്ന് ഉണ്ടാകുന്നതും.... ഇതിനെ ഇല്ലായ്മ ചെയ്യാനുള്ള സംവിധാനങ്ങൾ അവൻ കണ്ടു പിടിച്ചുകൊണ്ടിരിക്കുകയാണ്. സെപ്‌തംബർ മാസത്തിലാണ് കുരിശിന്റെ മഹത്വീകരണത്തിന്റെയും പരിശുദ്ധ വ്യാകുല മാതാവിന്റെയും തിരുന്നാൾ ആഘോഷിക്കുന്നത് . ഒരിക്കൽ പറുദീസയിൽ നിന്ന് പാപം ഫലമായി പുറത്താക്കപ്പെട്ട മനുഷ്യനെ സ്വർഗവുമായി കൂട്ടിയിണക്കിയത് സഹനത്തോടുള്ള ക്രിസ്തുവിന്റെ കുരിശുമരണമാണ് പിതാവായ ദൈവത്തിനു ലോകത്തെ അത്രമാത്രം സ്നേഹമുണ്ടാകയാൽ തന്റെ ഏക ജാതനെ ലോകർക്കായി ഹോമബലിയായി സമർപ്പിച്ചു നിരപരാധിയായ നസ്രായ യുവാവ് നമ്മുടെ സഹനങ്ങളെ ഏറ്റെടുത്തു, അതിനാൽ നമ്മുടെ ചെറു സഹനങ്ങൾ നമ്മുക്ക് കുരിശോടു ചേർക്കാം. സ്വർഗ്ഗവും ഭൂമിയും കൂട്ടിയിണക്കിയ കണ്ണിയായി തീർന്ന കുരിശുപോലെ നമ്മുടെ സഹനങ്ങൾ ദൈവത്തോട് ചേർത്തുനിർത്തുന്ന ഉപ കരണങ്ങളായി തീരട്ടെ .കുരിശുകൾ മാറ്റുവനല്ല പ്രാർത്ഥിക്കേണ്ടത് കുരിശുകൾ വഹിക്കുവാൻ ശക്തി തരണമേയെന്നു പ്രാർത്ഥിക്കാം കാരണം കുരിശാണ് രക്ഷ.. കുരിശുനിലാണ് രക്ഷ...

*സ്നേഹപൂർവ്വം*
*ഇടവക വികാരി*

## സെപ്റ്റംബർ മാസത്തെ യൂണിറ്റ് യോഗങ്ങൾ

**സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്**
10/9/2017 ശ്രീ. ആൻഡ്രുവിന്റെ ഭവനത്തിൽ

**സെന്റ് മൈക്കിൾസ് യൂണിറ്റ്**
11/9/2017 ശ്രീ. അനിൽകുമാറിന്റെ ഭവനത്തിൽ

**സെന്റ് ആന്റണീസ് യൂണിറ്റ്**
9/9/2017 ശ്രീ. പി തോമസിന്റെ ഭവനത്തിൽ

**സെന്റ് ജോസഫ്സ് യൂണിറ്റ്**
9/9/2017 ശ്രീമതി വിജയകുമാരി ഫ്രാൻസിസന്റെ ഭവനത്തിൽ

**സെന്റ് മേരീസ് യൂണിറ്റ്**
10/9/2017 ശ്രീമതി. ഗ്രേസിയുടെ ഭവനത്തിൽ

## സെൻറ് സെബാസ്റ്റ്യൻ യൂണിറ്റ് ഭക്ഷണപൊതികൾ വിതരണം ചെയ്തു

സെൻറ് സെബാസ്റ്റ്യൻ യൂണിറ്അംഗങ്ങൾ ഒന്നുചേർന്ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 60 കിടപ്പുരോഗികൾക്ക് ഓഗസ്റ്റ് 27 നു ഭക്ഷണപൊതികൾ വിതരണം ചെയ്തു

## പഠനോപകരണങ്ങൾ നൽകി

സെൻറ് സെബാസ്റ്റ്യൻ യൂണിറ്റിലെ ഏഴ് വിദ്യാർത്ഥികൾക്ക് യൂണിറ്റ്അംഗങ്ങൾ പഠനോപകരണങ്ങൾ നൽകി സഹായിച്ചു

**വിവാഹ ഒരുക്കസെമിനാർ സെപ്റ്റംബർ മാസത്തിൽ**
**(8, 9, 10) (25, 26, 27)**

# പച്ചകറിതൈ കിറ്റുകൾ വിതരണം ചെയ്തു



ടി എസ് എസ് എസ് പദ്ധതി പ്രകാരം പച്ചക്കറി കൃഷി പ്രോത്സാഹിക്കുന്നതിന്റെ ഭാഗമായി നാലു പച്ചക്കറി കിറ്റുകൾ വീതം അഞ്ചു യൂണിറ്റുകൾക്ക് നൽകി. യൂണിറ്റുകളിൽ നിന്ന് തിരഞ്ഞെടുത്തവർക്കു ഇടവക വികാരി ദിലീപ് അച്ചനും പാരിഷ് കൗൺസിൽ സെക്രട്ടറി പ്രേമകുമാറും ചേർന്ന് നൽകി ,ടി എസ് എസ് എസ് ഭാരവാഹികളും കൗൺസിൽ അംഗങ്ങളും സന്നിഹിതരായിരുന്നു .

# ഗീതു സെൽവരാജിന് നന്ദി അർപ്പിച്ചു



ചെറുവെട്ടുകാട് ഇടവകയിലെ കൗൺസിൽ അംഗവും ,കെ സി വൈ എം സെക്രട്ടറിയും, ക്വയർ ഗ്രൂപ്പ് അംഗവും ആയ ഗീതു സെൽവരാജ് വിവാഹിതയായി പോകുന്ന വേളയിൽ ഗീതു ഇടവകയ്ക്ക് നൽകിയ എല്ലാ സേവനങ്ങൾക്കും ഇടവക വികാരി ദിലീപ് അച്ചൻ നന്ദി പറഞ്ഞു.

# ലീന സന്തോഷ് ഫെറോന അജപാലന സെക്രട്ടറി



വലിയതുറ ഫെറോന അജപാലന സമിതി സെക്രട്ടറി ആയി ചെറുവെട്ടുകാട് ഇടവകയിലെ അജപാലന കൺവീനർ ലീന സന്തോഷിനെ തിരഞ്ഞെടുത്തു .

# ത്രിഭാഷാ പരീക്ഷ വിജയികൾ

അതിരൂപതയുടെ ത്രിഭാഷാ പരിപോഷണ പരിപാടിയുടെ ഭാഗമായി 2016 നവംബർ 27 ന് നടന്ന എഴുത്തു പരീക്ഷയിൽ ചെറുവെട്ടുകാട് ഇടവകയിൽ നിന്ന് അഖിൽ എ ആർ, ജീവൻ, കെവിൻ രഞ്ചുദാസ്, അനിത്ത് എസ്, സ്നേഹ ജി ജിട്രസ്, റ്റീനു എം മണി എന്നിവർ സർട്ടിഫിക്കറ്റിന് അർഹരായി.

# ഇടവകയിൽ ഓണാഘോഷം



ചെറുവെട്ടുകാട് ഇടവകയിൽ സെപ്തംബർ 2,3, 9,10 എന്നീ തിയതികളിൽ ഓണം ആഘോഷിക്കുന്നു. 2, 3 തിയതികളിൽ മതബോധന കുട്ടികൾക്കായി ഗ്രൂപ്പ് തലത്തിൽ കലാകായിക ഓണമത്സരങ്ങൾ നടത്തും. 9 ന് ഇടവകാംഗങ്ങൾക്കായി മത്സരങ്ങളും 10 ാം തിയതി ഓണസദ്യയും നടത്തും

**25th Wedding Anniversary**
14/09/2017



*With best compliments from*

MONICA - RIXON, MOBIN - RESHMA




ഷാരോൺ ജോസഫ് 6/8/2005







ജനീഷ ജോണി 21/9/2011

# SHITO-RYU SPORTS KARATE DO ACADEMY INDIA

Reg.No. KAI/AC/16-17/122






**SHIHAN.Y. PREMAKUMAR**
**Technical Director &**
**Examiner in India**
SHITO RYU - 6 th DAN BLACK BELT
ISKF - 4 th DAN BLACK BELT, JAPAN
6th DAN BLACK BELT, KAI

9847889479, 9847439135

**48-ാം ചരമ വാർഷികം**
**4/9/2017**



**മൈക്കിൾ വിശ്വാസം നാടാർ**
**ചെറുപുഷ്പവിലാസം, കണ്ണാന്തുറ**